കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കീഴരിയൂർ ഗ്രാമപഞ്ചായത്ത് 2008-2009 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-8, 2009-10 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-14 എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 816/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/03/2013

പരാമർശം:- 1) കീഴരിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30/10/2012-ലെ എ.ഒ 686/12 നമ്പർ കത്ത്.

2) 07/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽഎഫ് /പി.റ്റി3/24161/12 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം മാർഗ്ഗരേഖ പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ച 53,500/- രൂപയും 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14(1) പ്രകാരം ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനായി 2,20,134/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും, സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് ചെലവഴിച്ചതും ഖണ്ഡിക 3-14 (2) പ്രകാരം ആശുപത്രികളിലേക്ക് മരുന്ന് വാങ്ങിയതിന് 35,600/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും സർക്കാർ മാർഗ്ഗരേഖ പാലിക്കാതെ ചെലവഴിച്ചതും ഓഡിറ്റ് നിരാകരിച്ചിരുന്നു.

കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ മറ്റു ഫണ്ടുകൾ തികയാതെ വന്ന സാഹചര്യത്തിലാണ് 53,500/- രൂപ മരുന്നു വാങ്ങുന്നതിനായി അനുവദനീയമായതിലും അധികം ചെലവഴിച്ചതെന്നും 2009-10 വർഷത്തിൽ 2,20,134/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ ഫ്രണ്ട് ഓഫീസ് നിർമ്മാണത്തിനായി ചെലവഴിച്ചത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി അടിയന്തിരമായി ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കുന്നതിനും ഇതര ഫണ്ടുകൾ ഒന്നും ലഭ്യമല്ലാതിരുന്നതിനാലുമാണെന്നും ഇതു വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുകയോ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ചട്ടങ്ങൾ ലംഘിക്കുകയോ ചെയ്തിട്ടില്ലെന്നും, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അനുവദനീയമായതിലും അധികമായി മരുന്നു വാങ്ങുന്നതിനായി 35,600/- രൂപ ചെലവഴിച്ചത് പകർച്ചപ്പനി തുടങ്ങിയ മറ്റു സാംക്രമിക രോഗങ്ങൾ തടയുന്നതിനായി ആരോഗ്യ രംഗത്ത്

ആവശ്യം വേണ്ട സേവനങ്ങൾ നൽകുന്നതിലേക്കാണെന്നും ആയതിനാൽ ടി ചെലവുകൾക്ക് സാധൂകരണം നൽകണമെന്ന 30/04/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 69(1) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഇതര ഫണ്ടുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ആശുപത്രികളിൽ മരുന്നു വാങ്ങൽ, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നീ അനിവാര്യ ചുമതലയിൽപ്പെട്ടതും അടിയന്തിര പ്രാധാന്യമുള്ളതുമായ പ്രവൃത്തികൾക്കായി ഉത്തമബോദ്ധ്യത്തോടെ ചെലവഴിച്ചിട്ടുള്ള ചെലവുകളായതിനാൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-14 എന്നിവയിലെ തടസ്സങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8-ൽ തടസ്സപ്പെടുത്തിയ 53,500/- (അമ്പത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ , 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14(1) പ്രകാരം തടസ്സപ്പെടുത്തിയ 2,20,134/- (രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റി മുപ്പത്തി നാല് രൂപ മാത്രം) രൂപ, ഖണ്ഡിക 3-14(2) പ്രകാരം തടസ്സപ്പെടുത്തിയ 35,600/- (മുപ്പത്തി അഞ്ചായിരത്തി അറുനൂറ് രൂപ മാത്രം) രൂപ എന്നീ തുകകൾ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കീഴരിയൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ